പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 196

11.03.2020- ൽ മറുപടിക്ക്.

## പ്രതിസന്ധിയിലായ പ്ലാസ്റ്റിക് വ്യവസായ യൂണിറ്റുകൾ

ചോദ്യം
ശ്രീ. റോഷി അഗസ്റ്റിൻ

മറുപടി
ഇ. പി. ജയരാജൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി).

(എ) സംസ്ഥാനത്ത് നിയന്ത്രണമേർപ്പെടുത്തിയ പ്ലാസ്റ്റിക് ഉല്പന്നങ്ങൾ നിർമ്മിച്ചിരുന്ന വ്യവസായ യൂണിറ്റുകൾ നേരിടുന്ന പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(എ) : ഉണ്ട്.
പ്ലാസ്റ്റിക് ഉല്പന്നങ്ങൾ നിർമ്മിച്ചിരുന്ന വ്യവസായ യൂണിറ്റുകൾ നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ അസോസിയേഷനുകളുമായും യൂണിറ്റുകളുമായും ചർച്ച നടത്തിയിരുന്നു. നിലവിൽ ഇത്തരം വ്യവസായ യൂണിറ്റുകളിൽ സൂക്ഷിച്ചിട്ടുള്ള ഉൽപ്പന്നങ്ങളും ഉപയോഗിക്കുവാൻ കരുതിയിട്ടുള്ള അസംസ്കൃത വസ്തുക്കളും ഉപയോഗിക്കുവാൻ കഴിയാതെ വരുമ്പോൾ ആയതിലേക്ക് നടത്തിയ മുടക്കുമുതൽ നഷ്ടമാവുന്നു. സാമ്പത്തിക മാന്ദ്യം, നോട്ട് നിരോധനം, ജി.എസ്.ടി., പ്രളയം മുതലായവ മൂലം പ്രതിസന്ധിയിലായ ചെറുകിട വ്യവസായ മേഖലയ്ക്ക് പെട്ടെന്നുള്ള പ്ലാസ്റ്റിക് നിരോധനം വലിയ പ്രത്യാഘാതമാണ് ഉണ്ടാക്കിയിരിക്കുന്നത്. നിലവിൽ സംസ്ഥാനത്ത് പ്ലാസ്റ്റിക് അധിഷ്ഠിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന ഏകദേശം ആയിരത്തഞ്ഞൂറോളം വ്യവസായ സംരംഭങ്ങൾ പ്രവർത്തിച്ച് വരുന്നു. മൂവായിരം കോടി രൂപ വിറ്റു വരവുള്ള പ്രസ്തുത മേഖലയിൽ നിന്ന് മാത്രം അഞ്ഞൂറ്റിനാൽപ്പത് കോടി രൂപ സർക്കാരിലേക്ക് നികുതിയായി അടക്കുന്നുണ്ട്. പ്ലാസ്റ്റിക് അധിഷ്ഠിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ആയിരത്തിയഞ്ഞൂറോളം കോടി രൂപ വായ്പ എടുത്തിട്ടുണ്ട്.

(ബി) പ്ലാസ്റ്റിക് നിയന്ത്രണം വഴി പ്രതിസന്ധിയിലായ പ്രസ്തുത വ്യവസായ മേഖലയെ എപ്രകാരം സംരക്ഷിയ്ക്കാനാണ് ഉദ്ദേശിയ്ക്കുന്നത് ; ഇത് സംബന്ധിച്ച് എന്തെങ്കിലും

(ബി) : ചെറുകിട വ്യവസായ അസോസിയേഷനുകളുമായി കൂടിയാലോചിച്ച് പ്ലാസ്റ്റിക് വ്യവസായം നടത്തുന്ന സംരംഭകർക്ക് വൈവിധ്യവത്കരണം നടത്തുന്നതിനോ ബദൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന

ആലോചനകൾ സർക്കാർ തലത്തിൽ രൂപപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ;

സംരംഭങ്ങൾ ആരംഭിയ്ക്കുന്നതിനോ ഉള്ള സഹായം ജില്ലാ തലത്തിൽ സ്വീകരിയ്ക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) പ്രസ്തുത യൂണിറ്റുകളിൽ പ്രകൃതി യ്ക്കിണങ്ങുന്ന ഉത്പന്നങ്ങൾ രൂപപ്പെടുത്തി വിപണനം ചെയ്യുന്നതിന് സഹായ കമാകുന്ന വിധത്തിൽ പദ്ധതി ആവിഷ്കരിച്ച് ഈ മേഖലയുടെ സംരക്ഷണം ഉറപ്പാക്കാൻ നടപടി സ്വീകരിയ്ക്കുമോ ;

(സി) : പ്ലാസ്റ്റിക് നിരോധനം കാരണം പ്രവർത്തിക്കാൻ കഴിയാത്ത യൂണിറ്റുകളെ വൈവിധ്യവത്കരണത്തിലൂടെ പുന:രു ജ്ജീവിപ്പിക്കുന്നതിലേക്കായി 2020-21 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള "*പ്രവർത്തന രഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകളുടെ പുതുക്കൽ*" പദ്ധതിയിൽ ഉൾപ്പെടുത്തുന്ന തിനുള്ള പ്രോപ്പോസൽ വർക്കിങ് ഗ്രൂപ്പിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ വ്യവ സായ വാണിജ്യ ഡയറക്ടർ സ്വീകരിച്ചിട്ടുണ്ട്,

(ഡി) പ്ലാസ്റ്റിക് ഉല്പന്നങ്ങൾക്ക് നിയന്ത്രണ മേർപ്പെടുത്തിയ പശ്ചാത്തലത്തിൽ ബയോഡീഗ്രേഡബിൾ പ്ലാസ്റ്റിക് ഉല്പന്നങ്ങൾ എന്ന പേരിൽ ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിൽ വിപണനം ചെയ്യുന്ന ഉല്പന്നങ്ങളുടെ വിശ്വാസ്യത ഉറപ്പുവരുത്താൻ അടിയ ന്തര നടപടി സ്വീകരിക്കുമോ ?

(ഡി) : ബയോഡീഗ്രേഡബിൾ പ്ലാസ്റ്റിക് ഉല്പന്ന ങ്ങളുടെ വിശ്വാസ്യത ഉറപ്പുവരുത്തുവാൻ വ്യവസായ വകുപ്പ് നടപടി സ്വീകരിക്കുന്നില്ല.

സെക്ഷൻ ഓഫീസർ.